## പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. 267 *          12/03/2018 ൽ മറുപടിയ്ക്ക്**

### അൺ എയ്ഡഡ് സ്കൂളുകളുടെ മേൽ നിയന്ത്രണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി ഗീതാ ഗോപി<br>ശ്രീ.സി. ദിവാകരൻ<br>ശ്രീ.ചിറ്റയം ഗോപകുമാർ<br>ശ്രീ. എൽദോ എബ്രഹാം | പ്രൊഫ. സി. രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ അൺ എയ്ഡഡ് സ്കൂളുകളിലെ പ്രവേശനത്തിലോ, ഫീസിന്റെ കാര്യത്തിലോ ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ തീരുമാനിക്കുന്നതിലോ സർക്കാരിന് എന്തെങ്കിലും നിയന്ത്രണമുണ്ടോ; ഇല്ലെങ്കിൽ ഇക്കാര്യത്തിൽ സർക്കാർ ഇടപെടുമോ; വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്തെ അംഗീകൃത അൺ എയ്ഡഡ് വിദ്യാലയങ്ങളിലെ അധ്യാപക അനധ്യാപക ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ കേരള വിദ്യാഭ്യാസ ചട്ടം, അധ്യായം 'XIV-AA' യിൽ പ്രതിപാദിച്ചിരിക്കുന്നു. ഇതിലെ ചട്ടങ്ങൾ പ്രകാരം അംഗീകൃത അൺ എയ്ഡഡ് സ്കൂളുകളിലെ അധ്യാപക - അനധ്യാപകരുടെ യോഗ്യതകൾ, പ്രായപരിധി, ശമ്പളം തുടങ്ങിയ കാര്യങ്ങളിൽ നിയന്ത്രണങ്ങൾ ഏർപ്പെടുത്താനുള്ള അധികാരം സർക്കാരിനുണ്ട്.<br><br>സംസ്ഥാനത്തെ അൺ- എയ്ഡഡ് സ്കൂളുകളിലെ പ്ലസ് വൺ പ്രവേശനത്തിനും വിദ്യാർത്ഥികളിൽ നിന്നും ഈടാക്കുന്ന ഫീസ് സംബന്ധിച്ചും വ്യക്തമായ |

| | | | |
|---|---|---|---|
| | | | മാനദണ്ഡം നിശ്ചയിച്ചിട്ടുണ്ട് അൺ- എയ്ഡഡ് സ്കൂളുകളിൽ പ്രവേശനം നേടുന്ന വിദ്യാർത്ഥികൾക്ക് ട്യൂഷൻ ഫീസ് പ്രതിമാസം 500/- രൂപയും മറ്റു ഫീസുകൾ പ്രതിവർഷം 1000/- രൂപയും കോഷൻ ഡിപ്പോസിറ്റ് 1000/- രൂപയും നൽകേണ്ടതാണ്. ഇതിൽ കൂടുതൽ തുക വാങ്ങിയതായി പരാതി ലഭിച്ചാൽ ടി സ്കൂളിലെ ഹയർ സെക്കന്ററി കോഴ്സ് റദ്ദാക്കുവാൻ സർക്കാരിന് അധികാരമുണ്ട്. |
| (ബി) | അൺ എയ്ഡഡ് സ്കൂളുകൾ പ്രവേശന കാര്യത്തിൽ യോഗ്യതയും സംവരണ മാനദണ്ഡങ്ങളും പാലിക്കുന്നുവെന്നുറപ്പ് വരുത്താൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ; | (ബി) | 1 മുതൽ X വരെ ക്ലാസ്സുകളിലേക്കുള്ള പ്രവേശനത്തിന് സംവരണ മാനദണ്ഡങ്ങൾ ബാധകമല്ല. നിശ്ചിത ക്ലാസിൽ ചേരാനുള്ള യോഗ്യതയുള്ളവർക്കു മാത്രമേ അൺ എയ്ഡഡ് സ്കൂളിലും പ്രവേശനം നൽകാൻ കഴിയൂ.<br>അൺ-എയ്ഡഡ് സ്കൂളുകളിൽ XI മുതൽ XII <u>വരെയുള്ള</u> പ്രവേശന കാര്യത്തിൽ യോഗ്യതയും, സംവരണ മാനദണ്ഡങ്ങളും പാലിക്കപ്പെടുവാൻ വ്യക്തമായ മാനദണ്ഡങ്ങൾ നിലവിലുണ്ട്.സർക്കാർ അനുമതി നൽകിയ ബാച്ചുകളിലെ നിശ്ചിത എണ്ണം സീറ്റുകളിലേയ്ക്ക് ഓപ്പൺ |

| | | | |
|---|---|---|---|
| | | | വിഭാഗത്തിലുള്ള വിദ്യാർത്ഥികൾക്ക് 40% ഉം, മാനേജ്മെന്റ് ക്വാട്ട 40%, എസ്.സി. -12%, എസ്.ടി. 8% എന്നിങ്ങനെ സംവരണം നിശ്ചയിച്ചിട്ടുണ്ട് മേൽപ്പറഞ്ഞവ പാലിക്കുന്നില്ല എന്നത് സംബന്ധിച്ച് എന്തെങ്കിലും പരാതി ലഭിച്ചാൽ ടി സ്കൂളിനെതിരെ നടപടി സ്വീകരിക്കുവാൻ സർക്കാരിന് അധികാരമുണ്ട് ഇത് സംബന്ധിച്ച് യാതൊരു പരാതിയും നാളിതുവരെ ലഭ്യമായിട്ടില്ല. |
| (സി) | അൺ എയ്ഡഡ് ഹയർ സെക്കൻഡറി സ്കൂളുകളിൽ പ്രവേശനത്തിന് ഏകജാലക സംവിധാനം ഏർപ്പെടുത്തുന്നതിന് നീക്കമുണ്ടോ; വ്യക്തമാക്കാമോ? | (സി) | ഇല്ല |

Hema.V

സെക്ഷൻ ഓഫീസർ